(Pages : 4) **P – 7809**

Reg. No. : .....

Name : .....

First Semester B.Com. Degree Examination, March 2023

First Degree Programme under CBCSS

Language Course II – Additional Language I – Malayalam

ML 1111.2 : സാഹിത്യപഠനം - I

(2021 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. നൈനിറ്റാൻ പശ്ചാത്തലമാക്കി എം.ടി. വാസുദേവൻ നായർ രചിച്ച നോവൽ ഏതാണ്?

2. മലയാള നോവൽ സാഹിത്യചരിത്രം എന്ന കൃതി രചിച്ചതാര്?

3. ചെമ്മീൻ എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാകൃത്താര്?

4. സദാരാമ എന്ന നാടകം ഏത് നാടകവിഭാഗത്തിൽപ്പെടുന്നു?

5. മാറുന്ന മലയാള നോവൽ എന്ന കൃതി രചിച്ചതാര്?

6. കുഷ്ഠരോഗം ഇതിവൃത്തമാക്കി തോപ്പിൽ ഭാസി രചിച്ച നാടകമേത്?

7. മലയാളത്തിലെ ആദ്യ ശബ്ദചലച്ചിത്രം ഏതാണ്?

8. വർത്തമാനപ്പുസ്തകം എന്ന യാത്രാവിവരണ കൃതി രചിച്ചതാര്?

P.T.O.

9. ഹൈമവതഭൂവിൽ എന്ന യാത്രാവിവരണഗ്രന്ഥം രചിച്ചതാരാണ്?

10. 'ഇന്ദുലേഖ' എന്ന നോവൽ പ്രസിദ്ധീകരിച്ച വർഷം ഏതാണ്?

(10 × 1 = 10 Marks)

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. യുധിഷ്ഠിരൻ ഇടറാൻ തുടങ്ങുന്ന മനസ്സിനെ ശാന്തമാവാൻ ശാസിച്ചു; ഓർമ്മിക്കുക, ആരംഭത്തിനെല്ലാം അവസാനമുണ്ട്. സന്ദർഭമേത്?

12. അദ്ഭുതമില്ല. ഉടലോടെ ദേവപദത്തിലെത്താനുള്ള ആത്മവീര്യം അവൻ പണ്ടേ നഷ്ടപ്പെടുത്തി. ആര് എപ്പോൾ പറഞ്ഞു?

13. തന്റെ കരുത്തിനെപ്പറ്റി ഭീമസേനന് ആദ്യമായി ബോധ്യമുണ്ടായതെപ്പോൾ?

14. വേറെ നല്ല കഥകളുണ്ടാക്കിപ്പറയാൻ തോന്നിയില്ലേ നിങ്ങളുടെ അമ്മയ്ക്ക്. ദുര്യോധനൻ ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

15. സംഗീതനാടകം എന്നാലെന്ത്?

16. ബന്ധിച്ചവരാണ് മോചിപ്പിക്കേണ്ടവർ- സന്ദർഭം എന്ത്?

17. 'ഈ ഞരങ്ങലും വേദനയും മാറ്റാൻ എന്റെ പ്രത്യയശാസ്ത്രത്തിനേ കഴിയൂ' - ആര്, എപ്പോൾ പറഞ്ഞു?

18. എനിക്കു വേണ്ടത് ആ കസേരയിലേക്കുള്ള ഒരൊതുക്ക് അത്രമാത്രം. ആര്, ആരോട് പറഞ്ഞതാണീ വാക്കുകൾ? സന്ദർഭം എന്ത്?

19. കേദാർനാഥ് ക്ഷേത്രത്തെ രാജൻ കാക്കനാടൻ വർണ്ണിക്കുന്നത് എങ്ങനെ?

20. 'പുണ്യതീരങ്ങളിൽ കാൽനടയായി തന്നെ പോകണം അല്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല' ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്?

21. ദൈവഭക്തി കുറയാനുള്ള കാരണമെന്തെന്നാണ് സ്വാമിജി രാജൻ കാക്കനാടനോട് പറഞ്ഞത്?

22. 'നാടായനാടു മുഴുവൻ സംബന്ധം. അത് സത്സ്വഭാവമായിരിക്കും' - ആര്, ആരോട് എപ്പോൾ പറഞ്ഞതാണിത്?

(8 × 2 = 16 Marks)

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഭീമസേനനും ഹിഡുംബിയും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച വിവരിക്കുക.

24. സ്ത്രീകളുടെ ഹിതത്തിന് ഹസ്തിനപുരത്തിൽ സ്ഥാനമില്ല എന്ന് ഭീമൻ ചിന്തിച്ചതെന്തുകൊണ്ട്?

25. വ്യക്തിസ്വഭാവം നഷ്ടപ്പെട്ട കഥാപാത്രങ്ങളാണ് ഇതിഹാസച്ചന്തം ശുഭം എന്ന നാടകത്തിലുള്ളത് എന്ന അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

26. മനുഷ്യജീവിതത്തിന്റെ ബഹുസ്വരതയും സർഗ്ഗാത്മകതയും ഉയർത്തിപ്പിടിക്കുകയാണ് ഇതിഹാസച്ചന്തം ശുഭം എന്ന നാടകം - സ്ഥാപിക്കുക.

27. നാഗസന്യാസിമാരെയും അവരുടെ ഉല്പത്തിയെയും കുറിച്ച് വിവരിക്കുക.

28. മീററ്റിൽ നിന്നും ഹരിദ്വാറിലേക്കുള്ള യാത്രയെ കുറിച്ച് രാജൻ കാക്കനാടൻ പറയുന്നതെന്തെല്ലാം?

29. കുട്ടൻ തമ്പുരാൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

30. അനുകല്പനം എന്നാലെന്ത്? അതിന്റെ പ്രാധാന്യമെന്ത്?

31. സംഗീതം ഔഷധമായി മാറുന്ന പ്രക്രിയ സർഗ്ഗം എന്ന ചലച്ചിത്രത്തെ ആസ്പദമാക്കി വിവരിക്കുക.

(6 × 4 = 24 Marks)

IV. **മൂന്നൂറു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

32. തിരസ്കൃത നായകന്റെ ആത്മസംഘർഷമാണ് രണ്ടാമൂഴം എന്ന അഭിപ്രായത്തെ സമഗ്രമായി വിലയിരുത്തുക.

33. മലയാള നാടകത്തിന്റെ ഉല്പത്തി വികാസചരിത്രം സംഗ്രഹിക്കുക.

34. സാഹസികനായ യാത്രികന്റെ അനുഭവമാണ് ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതി എന്ന അഭിപ്രായത്തിന്റെ സാംഗത്യം വിലയിരുത്തുക.

35. ഹരിഹരൻ എന്ന സംവിധായകന് മലയാള സിനിമാലോകത്തുള്ള സ്ഥാനം എന്തെന്ന് വിവരിക്കുക.

(2 × 15 = 30 Marks)
